(ശ്രീജിത്തിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിക്കുന്നതിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചതിനെത്തുടർന്ന് രാവിലെ 9.44-ന് നിർത്തിവച്ച സഭാ നടപടികൾ രാവിലെ 10.05-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ദയവായി സഭാനടപടികളുമായി സഹകരിക്കണം. സഭാ നടപടികൾ തുടരുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ ശ്രദ്ധയിൽ ഒരു പ്രധാനപ്പെട്ട കാര്യം കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. 30-11-2015-ൽ ബാർ കോഴ കേസ്, 14-12-15-ൽ സോളാർ കമ്മീഷനെ ആഭ്യന്തര വകുപ്പുമന്ത്രി ഭീഷണിപ്പെടുത്തിയെന്ന വിഷയം, 15-12-2015-ൽ മന്ത്രി ശ്രീ. കെ. ബാബുവിനെതിരെ ബാർ കോഴ ആരോപണം, 15-07-2015-ൽ ശ്രീ. കെ. എം. മാണിക്കെതിരെ ബാർ കോഴ ആരോപണം, 09-07-2015-ൽ ശ്രീ. കെ. എം. മാണിയെ കുറ്റവിമുക്തനാക്കിയെന്ന് ആരോപിച്ചുകൊണ്ടുള്ള ബാർ കോഴക്കേസ്, 10-03-2015-ൽ ശ്രീ. കെ. എം. മാണിയുടെ ബന്ധു സാക്ഷികളെ സ്വാധീനിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള ബാർ കോഴ കേസ്, ശ്രീ. ടി. പി. സെൻ കുമാർ വിഷയം

02-05-2017-ൽ കോടതിയിൽ ഉണ്ടായിരുന്നപ്പോൾ, ഈ സർക്കാർ വന്നതിനുശേഷം 21-08-2017-ൽ ബാലാവകാശ കമ്മീഷൻ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കെതിരെ, 22-08-2017-ൽ ഹൈക്കോടതിയിലെ സ്വാശ്രയ പ്രശ്നത്തിലെ വിമർശനം, 07-03-2018-ൽ എം.എൽ.എ.മാർക്കെതിരായ കേസ് പിൻവലിക്കൽ എന്നിങ്ങനെയുള്ള വിഷയങ്ങൾ അടിയന്തര പ്രാധാന്യത്തോടുകൂടി കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന സന്ദർഭത്തിൽതന്നെ ഈ നിയമസഭയിൽ ഉന്നയിച്ചത് ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണ്. തന്നെയുമല്ല, നിയമവകുപ്പുമന്ത്രി ഇപ്പോൾ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ഈ സഭയിൽ ഇത് ഉന്നയിക്കുന്നത് subjudice ആണെന്ന് പറഞ്ഞില്ല. നിങ്ങൾ ഇത് ആദ്യം ഉന്നയിക്കേണ്ടതായിരുന്നുവെന്നാണ് പറഞ്ഞത്. ഭരണകക്ഷിക്കും ഇത് ഉന്നയിക്കപ്പെടേണ്ട കാര്യമാണെന്നതിൽ അഭിപ്രായ വ്യത്യാസമില്ല. അത് എപ്പോഴാണെന്ന കാര്യത്തിൽ മാത്രമേ അദ്ദേഹത്തിന് അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നുള്ളൂ. പാർലമെന്ററികാര്യ വകുപ്പുമന്ത്രിപോലും ഇത്

അവതരിപ്പിക്കുന്നതിനുള്ള ഒബ്ജക്ഷൻ പറയാത്ത സാഹചര്യത്തിൽ, subjudice അല്ലെന്ന് പറഞ്ഞ സാഹചര്യത്തിൽ, ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും അവകാശം സംരക്ഷിക്കാൻ ബാധ്യസ്ഥനായ ബഹുമാനപ്പെട്ട സ്പീക്കർ എന്തിനാണ് ഇത്ര നിർബന്ധം പിടിക്കുന്നതെന്നാണ് എന്റെ ചോദ്യം?

മി. സ്പീക്കർ: ഭരണകക്ഷിയുടെ അഭിപ്രായം...

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ സാഹചര്യത്തിൽ അതിനൊരു വ്യക്തത ഉണ്ടാക്കിക്കൊടുക്കണം. ഞാൻ ഇത് subjudice ആണെന്ന് ഒരിക്കലും ഇവിടെ പറഞ്ഞിട്ടില്ല. ഈ സംഭവം നടന്നത് 2018 ഏപ്രിൽ 9-നാണ്. ഇതുവരെ 9 പ്രതികളെ അറസ്റ്റ് ചെയ്യുകയും എസ്.പി. അടക്കം 11 പേരെ സസ്പെന്റ് ചെയ്യുകയും ചെയ്തു. ജൂൺ മാസം 13-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ വരുന്ന കേസാണിത്. മാത്രമല്ല, ഇതുസംബന്ധിച്ച രണ്ട് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്ക് ഇവിടെ മറുപടി പറയുകയും ചെയ്തതാണ്. അത്തരമൊരു സാഹചര്യത്തിൽ ഒരു അടിയന്തര

സ്വാഭാവവും ഇതിനില്ലെന്ന് മാത്രമല്ല, 52(7) പ്രകാരം ഇത് കോടതിയിലിരിക്കുന്ന പ്രശ്നമാണ് എന്നുള്ളതുകൊണ്ടുതന്നെ ഒരുതരത്തിലും ഇവിടെ ചർച്ച ചെയ്യാൻ പാടില്ലെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ അംഗീകരിച്ചുകൊണ്ടാണ് ഞാൻ ഇവിടെ പറഞ്ഞത്. അത് ഈ സഭയിൽ mislead ചെയ്യുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് ചെയ്യാൻ പാടില്ലാത്തതാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എല്ലാ നടപടിക്രമങ്ങളും ഗവൺമെന്റ് പരിപൂർണ്ണമായി പൂർത്തീകരിച്ചു. ഒരു കുറ്റവാളിയും രക്ഷപ്പെടുന്നതിനുള്ള ഒരു പഴുതും ഗവൺമെന്റ് ഉണ്ടാക്കിയിട്ടില്ല. .... (ബഹളം)..

മി. സ്പീക്കർ: യെസ്...പ്ലീസ്. അതിൽ ചർച്ചയില്ലല്ലോ.

ശ്രീ. എ. കെ. ബാലൻ: സർ, ആ കുടുംബത്തെ രക്ഷിച്ചുവെന്ന് മാത്രമല്ല, അതുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് എടുത്ത തീരുമാനത്തെ ആ കുടുംബം അംഗീകരിക്കുകയും ചെയ്തു. പിന്നെ ആർക്കുവേണ്ടിയാണ് ഈ അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, ശ്രീ. എ. കെ. ബാലൻ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയുമാണ്. അദ്ദേഹം ഇപ്പോൾ പറഞ്ഞ കാര്യംതന്നെ ഞങ്ങൾക്ക് ഈ

അടിയന്തരപ്രമേയം അവതരിപ്പിക്കാൻ പര്യാപ്തമായ കാര്യമാണ്. അദ്ദേഹം ഇവിടെ മെരിറ്റിലേയ്ക്ക് കടന്നിരിക്കുന്നു. അദ്ദേഹം പറഞ്ഞതിന് മറുപടി പറയാനുള്ള ബാധ്യത ഞങ്ങൾക്കില്ലേ? അതുപോലെതന്നെ സർക്കാരിനെ ന്യായീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിക്കാനുള്ള ഞങ്ങളുടെ അഭിപ്രായത്തെ സാധൂകരിക്കുന്ന ഒന്നാണ്. മാത്രമല്ല, ഇതിനെക്കാൾ വലിയ അടിയന്തരസ്വഭാവമുള്ള ഏത് കേസ്സാണ് കേരളത്തിൽ സമീപകാലത്തുള്ളത്. അതുകൊണ്ട് ഇത് അനുവദിക്കുകയെന്നതാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. അങ്ങയോടുള്ള എല്ലാ ബഹുമാനവും വച്ചുകൊണ്ട് ഞാൻ പറയുന്നു, പ്രതിപക്ഷത്തിന്റെ അവകാശത്തെ അങ്ങ് നിഷേധിക്കാൻ പാടില്ലാത്തതാണ്. അത് ശരിയായ നടപടിയല്ല. (...ബഹളം....)

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിന് മുന്നിൽവന്നുനിന്ന് ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഭരണകക്ഷിയുടെ അഭിപ്രായം പരിഗണിച്ചോ പാർലമെന്ററികാര്യ

വകുപ്പുമന്ത്രിയുടെ നിർദ്ദേശമനുസരിച്ചോ ഒരു നിലപാട് സ്വീകരിക്കുകയല്ല ഉണ്ടായത്. കേരള ഹൈക്കോടതിയിൽ പരിഗണനയിലിരിക്കുന്നൊരു വിഷയം ഹൈക്കോടതിയിൽ നടക്കാനിരിക്കുന്ന വാദങ്ങൾക്ക് സമാനമായ വാദങ്ങൾ നടത്താൻ നിയമസഭയിൽ അവസരമൊരുക്കുന്നത് ചട്ടപ്രകാരം ശരിയല്ല. അതാണ് ചെയറിനെ സ്വാധീനിക്കുന്ന ഘടകം. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തെ സ്വാധീനിക്കാനിടയുള്ളൊരു ചർച്ച സഭാ വേദിയിൽ നടത്തുന്നത് ശരിയല്ല എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഭരണകക്ഷിയുടെയോ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെയോ അഭിപ്രായം പരിഗണിച്ചിട്ടല്ല. അതുകൊണ്ട് അങ്ങ് പറഞ്ഞതിനോട് ചെയറിന് യോജിക്കാൻ നിർവ്വാഹമില്ല. (...ബഹളം....)

(ശ്രീ. മഞ്ഞളാംകുഴി അലി സീറ്റിലില്ലാത്തതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

സബ്മിഷനുകൾ അവതരിപ്പിച്ചതായി കണക്കാക്കുന്നു. സബ്മിഷനുകളുടെ ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.